**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 192** **27-10-2026-ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിലേക്ക് ആകർഷിക്കുന്നതിനായുള്ള പദ്ധതികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. ടി. എം. ശശി

ശ്രീ. എ. സി. മൊയ്തീൻ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. യു. ആർ. പ്രദീപ്

**മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. ലിജു

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** കേരള ബാങ്കിന്റെ മൂലധന പര്യാപ്തത നിലനിർത്തുന്നതിനും ആർ.ബി.ഐ. വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കുന്നതിനുമായി കഴിഞ്ഞ അഞ്ച് മാസത്തിനിടെ സർക്കാർ സ്വീകരിച്ച നയപരമായ തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ഭാരതീയ റിസർവ്വ് ബാങ്കിന്റെ ലൈസൻസോടെ പ്രവർത്തിക്കുന്ന കേരള ബാങ്ക് (കേരള സംസ്ഥാന സഹകരണ ബാങ്ക്), ബാങ്കിംഗ് റഗുലേഷൻ ആക്ട് പ്രകാരമുള്ള 9% മൂലധന പര്യാപ്തത (capital to Risk weighted Asset Ratio- CRAR) പാലിക്കേണ്ടതുണ്ട്. കേരള ബാങ്കിന്റെ 2025-26 സാമ്പത്തിക വർഷത്തെ ധനകാര്യ ആഡിറ്റ് റിപ്പോർട്ട് പ്രകാരം (മലപ്പുറം ജില്ല സഹകരണ ബാങ്ക് ഒഴികെ) 9.36% CRAR കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നിലവിൽ കേരളാ ബാങ്കിന് 895.40 കോടി രൂപാ സർക്കാർ ഓഹരിയുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്കിന് അവരുടെ ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും CRAR സ്ഥിതി മെച്ചപ്പെടുത്തുന്നതിനുമായി 2026- 2027 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 100 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

**(ബി)** സഹകരണ ഉൽപ്പന്നങ്ങൾക്ക് ഏകീകൃത വിപണി കണ്ടെത്തുന്നതിനായി ആരംഭിച്ച കോപ്പ് മാർട്ടുകൾ, ഇ-കോമേഴ്സ് പ്ലാറ്റ്ഫോമുകൾ എന്നിവ വഴി പുതിയ ഉൽപ്പന്നങ്ങൾ വിപണിയിലിറക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** കേരളത്തിലെ സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങളെ ഏകീകൃത ബ്രാൻഡിംഗിനു കീഴിൽ കൊണ്ടു വന്ന് വിപണിയിൽ സജീവമാക്കുന്നതിന് ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റിവ് പ്രോഡക്ട്സ് എന്ന പദ്ധതിക്ക് സഹകരണ വകുപ്പ് രൂപം നൽകിയിരുന്നു.സഹകരണ മേഖലയിൽ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി ഏകീകൃത ബ്രാൻഡിംഗിൽ കൊണ്ടുവന്ന് വിപണി ശൃംഖല കെട്ടിപ്പടുക്കുക, ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ ന്യായവിലയിൽ ലഭ്യമാക്കുക, ദേശീയ അന്തർ ദേശീയ വിപണിയിലേക്ക് ചുവട് വെക്കുക, കേരളത്തിൽ പ്രധാന സ്ഥലങ്ങളിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുക, ഓൺലൈൻ വിപണി സൃഷ്ടിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്നതെങ്കിലും കോപ്പ് -മാർട്ടുകളും ഇ-

കോമേഴ്സ് പ്ലാറ്റ്ഫോമുകളും വഴിയുള്ള ഉൽപ്പന്നങ്ങളുടെ വിപണനം ഉദ്ദേശിച്ച രീതിയിൽ നടപ്പിലായിട്ടില്ല എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സംഭരണം, സംസ്കരണം, തരംതിരിക്കൽ, ഗ്രേഡിംഗ്, വിപണനം എന്നിവയിലേർപ്പെട്ടിരിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക എന്ന ഉദ്ദേശത്തോടെ "സഹകരണ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം" എന്ന പദ്ധതിയ്ക്കായി 2026-2027 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഈ സർക്കാർ 340.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ചുവടെ ചേർക്കുന്ന ഘടകങ്ങൾ ഉൾപ്പെടെയുള്ള പദ്ധതികൾക്ക് മേൽ ധനസഹായം അനുവദിച്ച് നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്.

- സഹകരണ ഉൽപ്പന്നങ്ങളുടെ വിപണനം, പുതിയ ഔട്ട് ലെറ്റുകൾ സ്ഥാപിക്കൽ, നിലവിലുള്ള ഔട്ട് ലെറ്റുകളുടെ ആധുനിക വൽക്കരണം എന്നിവയ്ക്കായി പ്രാഥമിക സംഘങ്ങൾക്കുള്ള സഹായം
- പുതിയതും നിലവിലുള്ളതുമായ കോപ്പ് മാർട്ട് ഔട്ട് ലെറ്റുകൾക്കുള്ള സഹായം
- സഹകരണ മേഖലയിലെ കാർഷിക ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനും, വിൽക്കുന്നതിനും ഉള്ള ഓൺലൈൻ ആപ്ലിക്കേഷനുകൾ വികസിപ്പിക്കുന്നതിനുള്ള സഹായം

**(സി)** യുവജനങ്ങളെയും വനിതകളെയും സഹകരണ മേഖലയിലേക്ക് ആകർഷിക്കുന്നതിനായി മുൻ സർക്കാർ രൂപീകരിച്ച യുവജന-വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകാൻ സർക്കാർ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** യുവജന സഹകരണ സംഘങ്ങൾക്കുള്ള സഹായം എന്ന ഘടകം ഉൾപ്പെടെ പലവക വിഭാഗത്തിലുള്ള സഹകരണ സംഘങ്ങൾക്ക് ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്കായി 2026-2027 സാമ്പത്തിക വർഷം “മറ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം” പദ്ധതിയിൽ 1450 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായം(പദ്ധതി പ്രകാരം ഭൂമി വാങ്ങാൻ അനുവാദമില്ല).
- വ്യവസായ വകുപ്പുമായി സഹകരിച്ചുകൊണ്ട് ആധുനിക ഉപകരണങ്ങളുടെ പരിശീലനത്തിനും നൈപുണ്യ വികസനത്തിനുമുള്ള സഹായം
- ഐ ടി പ്രൊഫഷണലുകൾ, അസംഘടിത മേഖലകളിൽ നിന്നുള്ള തൊഴിലാളികൾക്കായി പദ്ധതികൾ നടപ്പാക്കുന്നതിനുള്ള സഹായം

കൂടാതെ 2026-2027 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ "വനിത സഹകരണ സംഘങ്ങൾക്കും വനിത ഫെഡിനുമുള്ള സഹായം" എന്ന പദ്ധതി പ്രകാരം വനിത സഹകരണ സംഘങ്ങൾക്കും, കേരള സംസ്ഥാന വനിത സഹകരണ ഫെഡറേഷനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ചുവടെ പറയും പ്രകാരമുള്ള പ്രത്യേക പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി ഈ സർക്കാർ 320 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- ദുർബലമായ വനിതാ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിന് സഹായം.
- വരുമാനവും തൊഴിലവസരവും സൃഷ്ടിക്കുന്ന പദ്ധതികൾക്കുള്ള സഹായം.
- വനിതാ സഹകരണസംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് ജില്ലാ തലത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സഹായം
- ലാഭത്തിൽ പ്രവർത്തിക്കുന്നതോ കാര്യക്ഷമമായ പദ്ധതികൾ ഏറ്റെടുക്കാൻ പ്രാപ്തിയുള്ളതോ ആയ വനിതാ സഹകരണ സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന സഹായം.

- വനിതാ സഹകരണ സ്ഥാപനങ്ങൾക്ക് ശിൽപശാലകൾ/പരിശീലനം നടത്തുന്നതിനുള്ള സഹായം
- കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, സ്വയംസഹായസംഘങ്ങൾ എന്നിവയുമായി സഹകരിച്ച് വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള സാമ്പത്തിക സഹായം
- ഡേകെയർ, പാലിയേറ്റീവ്കെയർയൂണിറ്റ്, ടൂറിസം, മാലിന്യ സംസ്കരണം തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സഹായം.
- ഉൽപ്പാദന യൂണിറ്റുകൾ ഏറ്റെടുക്കുന്ന വനിത സഹകരണ സൊസൈറ്റികൾക്ക് പരമാവധി 5.00 ലക്ഷം രൂപ വരെ പ്രോത്സാഹനം നൽകുന്നു.

**(ഡി)** ഈ സർക്കാർ അധികാരമേറ്റതിനു ശേഷം സഹകരണ മേഖലയെ സംരക്ഷിക്കുന്നതിനായി ആവിഷ്കരിച്ച പുതിയ വികസന പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കാമോ?

**മറുപടി:**

- **ആശ്വാസ്**

സഹകരണ മേഖലയെ സംരക്ഷിക്കുന്നതിനായി സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ / ബാങ്കുകളിൽ വർദ്ധിച്ചുവരുന്ന കുടിശ്ശിക /നിഷ്ക്രിയാസ്തികൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയും ,ഈ സംഘങ്ങളിൽ നിന്നും വായ്പ എടുത്ത് കുടിശ്ശികക്കാരായ വായ്പക്കാർക്കു ആശ്വാസം നല്കുന്നതിനായും 2026 ജൂൺ 1 മുതൽ 2026 സെപ്തംബർ 30 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 'ആശ്വാസ് '2026 നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സാമ്പത്തികമായി പ്രതിസന്ധി നേരിടുന്നവർ ,ഗുരുതര രോഗങ്ങൾ ബാധിച്ചവർ, മരണപ്പെട്ടവർ, മരണപ്പെട്ടവർ കുടുംബാംഗങ്ങളായിട്ടുള്ളവർ, പ്രകൃതിക്ഷോഭം മൂലം നാശനഷ്ടങ്ങൾ അനുഭവിച്ചവർ എന്നിങ്ങനെ വിവിധ വിഭാഗത്തിൽപ്പെട്ടിട്ടുള്ളവർക്ക് പിഴപലിശ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടും, പലിശയിൽ 50% വരെ ഇളവുകൾ നൽകിക്കൊണ്ടും വായ്പാ കണക്ക് അവസാനിപ്പിച്ച് വായ്പ ബാധ്യതയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള അവസരം നൽകിയിട്ടുണ്ട്. ഈ പദ്ധതിയിലൂടെ ഇതുവരെ 66409 വായ്പ കണക്കുകൾ അവസാനിപ്പിക്കുവാനും അതിലൂടെ 439.55 കോടി രൂപയുടെ ഇളവ് ആനുകൂല്യം നൽകുവാനും 2152.76 കോടി രൂപയുടെ കിട്ടാക്കടം സംഘങ്ങൾക്ക് പിരിച്ചെടുക്കാനും സാധിച്ചിട്ടുണ്ട്.

- **100% ഊർജ്ജ സ്വയംപര്യാപ്ത ഗ്രാമങ്ങൾ**

സഹകരണ സംഘങ്ങളിൽ പുനരുപയോഗ ഊർജ്ജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും, പരമ്പരാഗത ഊർജ്ജ സ്രോതസ്സുകളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനും, പരിസ്ഥിതി സുസ്ഥിരതയ്ക്ക് സംഭാവന നൽകുന്നതിനുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഊർജ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സൗരോർജം ക്രമബദ്ധമായി വിനിയോഗിക്കുകയും കേരള സംസ്ഥാന വൈദ്യുതി ബോർഡിനെ (കെ.എസ്.ഇ.ബി) ആശ്രയിക്കുന്നത് കുറയ്ക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പിലാക്കിയ പുതിയ പദ്ധതിയാണിത്. ഈ പദ്ധതിയ്ക്കായി 2026-2027 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 270 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- **സഹകരണ മേഖലയിൽ PCP(പൊതു സഹകരണ പങ്കാളിത്തം) മാതൃകയിലുള്ള പ്രോജക്ടുകൾ ആരംഭിക്കുന്നതിനുള്ള ധനസഹായം**

പൊതുമേഖലാ സ്ഥാപനങ്ങളും സഹകരണ സ്ഥാപനങ്ങളും സംയുക്തമായി അടിസ്ഥാന സൗകര്യങ്ങൾ, പൊതുസേവനങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ എന്നിവ ജനങ്ങൾക്ക് ലഭ്യമാക്കുന്ന വികസന മാതൃകയാണ് പബ്ലിക് കോ-ഓപ്പറേറ്റീവ് പാർട്ണർഷിപ്പ് (പി.സി.പി) മാതൃക. ഈ മാതൃകയിൽ സർക്കാർ ധനസഹായം, ഭൂമി, നയപരമായ പിന്തുണ, സാങ്കേതിക

മാർഗനിർദേശം എന്നിവ നൽകുമ്പോൾ, സഹകരണ സ്ഥാപനങ്ങൾ സാമ്പത്തിക നിക്ഷേപം, പദ്ധതി ആസൂത്രണം നടപ്പാക്കൽ, മാനേജ്മെന്റ് എന്നിവയിൽ പങ്കാളികളാകുന്നു. ആരോഗ്യം, ടൂറിസം, വിപണനം, അടിസ്ഥാന സൗകര്യ വികസനം, സ്റ്റാർട്ടപ്പുകൾ തുടങ്ങിയ മേഖലകളിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയ്ക്കായി 2026-2027 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- **<u>മാർക്കറ്റ്ഫെഡ്, അഫിലിയേറ്റഡ് സഹകരണ സംഘങ്ങൾ, എഫ്.പി.ഒ ശൃംഖല എന്നിവയുടെ ശക്തിപ്പെടുത്തൽ</u>**

കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ (മാർക്കറ്റ്ഫെഡ്) നെ ശക്തിപ്പെടുത്തൽ, മാർക്കറ്റ്ഫെഡിന് കീഴിലുള്ള സഹകരണ എഫ്.പി.ഒ ശൃംഖലയുടെ വികസനവും ശക്തിപ്പെടുത്തലും സംഘങ്ങളുടെ പുനരുജ്ജീവനം എന്നീ പ്രവർത്തനങ്ങൾക്കായി 2026-2027 ലെ ബഡ്ജറ്റിൽ 1250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ടി പദ്ധതിയ്ക്കായി നാളിതുവരെ 7 അപേക്ഷകളിലായി ആകെ 1250 ലക്ഷം രൂപയുടെ പ്രൊപോസൽ ലഭ്യമായിട്ടുണ്ട് .

- **Project Incubation Centre & Supporting System** (കേരളത്തിലെ സഹകരണ മേഖലയിൽ പദ്ധതികളുടെ വികസനം, വിലയിരുത്തൽ, പിന്തുണ എന്നിവയ്ക്കായുള്ള പ്രൊഫഷണൽ സംവിധാനം)

കേരളത്തിലെ സഹകരണ മേഖലയിലെ പദ്ധതികളുടെ ഗുണനിലവാരം ഉയർത്തുന്നതിനും, സാമ്പത്തികമായി പ്രായോഗികവും സുസ്ഥിരവുമായ സംരംഭങ്ങൾ വികസിപ്പിക്കുന്നതിനുമായി ഒരു ശാസ്ത്രീയവും പ്രൊഫഷണലുമായ സംവിധാനമാണ് Project Incubation Centre and Supporting System.

കാലാനുസൃതമായി സഹകരണ മേഖലയിൽ പുതിയ സംരംഭങ്ങൾക്കും വികസന പദ്ധതികൾക്കും സാധ്യതകൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ, പദ്ധതികളുടെ ശാസ്ത്രീയമായ ആസൂത്രണം, സാമ്പത്തിക വിലയിരുത്തൽ, സാങ്കേതിക സാധ്യത പഠനം, വിപണി വിശകലനം, മികച്ച നിലവാരത്തിലുള്ള Detailed Project Reports (DPRs) തയ്യാറാക്കൽ എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം ലഭിച്ചിരിക്കുകയാണ്.

നിലവിൽ നിരവധി സഹകരണ സ്ഥാപനങ്ങൾ വിവിധ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി സർക്കാർ സംവിധാനങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ, NABARD, National Cooperative Development Corporation (NCDC) തുടങ്ങിയ ഏജൻസികളെ സമീപിക്കുന്നുണ്ട്. എന്നാൽ പല പദ്ധതികളിലും ആവശ്യമായ സാങ്കേതിക പഠനം, സാമ്പത്തിക വിശകലനം, വിപണി സാധ്യത വിലയിരുത്തൽ, നിക്ഷേപ ലാഭക്ഷമതപഠനം എന്നിവയുടെ അഭാവം പദ്ധതികളുടെ അംഗീകാരത്തെയും വിജയകരമായ നടത്തിപ്പിനെയും ബാധിക്കുന്നുണ്ട്. പല സഹകരണ സ്ഥാപനങ്ങളും Detailed Project Reports (DPRs), Feasibility Studies, Financial Analysis തുടങ്ങിയ സേവനങ്ങൾക്കായി സ്വകാര്യ കൺസൾട്ടൻസി സ്ഥാപനങ്ങളെ ആശ്രയിക്കേണ്ട സാഹചര്യമുണ്ട്. ഇതുവഴി പദ്ധതികളുടെ തയ്യാറെടുപ്പ് ചെലവ് വർധിക്കുകയും, ചെറുകിട-ഇടത്തരം സഹകരണ സ്ഥാപനങ്ങൾക്ക് ഗുണമേന്മയുള്ള പദ്ധതി രൂപീകരണം പ്രയാസകരമാവുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ സഹകരണ വകുപ്പിന്റെ കീഴിൽ "Project Incubation Centre and Supporting System" എന്ന പേരിൽ ഒരു പ്രൊഫഷണൽ Project Development & Appraisal Support System രൂപീകരിക്കുന്നത് കാലോചിതമായ ആവശ്യമാണ്. ഈ സംവിധാനം സഹകരണ സ്ഥാപനങ്ങളുടെ വികസന ആശയങ്ങളെ ശാസ്ത്രീയമായി വിലയിരുത്തി, സാങ്കേതികമായും സാമ്പത്തികമായും പ്രായോഗികമായ പദ്ധതികളാക്കി മാറ്റുന്നതിനുള്ള പിന്തുണ നൽകും. പദ്ധതികളുടെ Technical Viability, Financial Feasibility, Market Potential, Risk Assessment എന്നിവ പരിശോധിക്കുകയും, ആവശ്യമായ

സാഹചര്യങ്ങളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള Detailed Project Reports (DPRs) തയ്യാറാക്കുകയും ചെയ്യും. കൂടാതെ, പദ്ധതികളുടെ സാമ്പത്തിക ശേഷി വിലയിരുത്തുന്നതിനായി Internal Rate of Return (IRR), Break-Even Point (BEP), Cost-Benefit Analysis തുടങ്ങിയ സാമ്പത്തിക മാനദണ്ഡങ്ങൾ ഉപയോഗിച്ച് ശാസ്ത്രീയമായ വിലയിരുത്തൽ നടത്തുന്നതിനും ഈ സംവിധാനം സഹായകരമാകും. അങ്ങനെ, Project Incubation Centre and Supporting System സഹകരണ മേഖലയിലെ പദ്ധതികളുടെ ഗുണനിലവാരം ഉയർത്തുന്നതിനും, നിക്ഷേപ സാധ്യതകൾ വർധിപ്പിക്കുന്നതിനും, ധനസഹായ സ്ഥാപനങ്ങളിൽ നിന്നും അംഗീകാരം നേടുന്നതിനും, സഹകരണ സ്ഥാപനങ്ങൾക്ക് സ്വന്തമായ ഒരു Project Development & Appraisal Support സംവിധാനമായി പ്രവർത്തിക്കുന്നതിനുമുള്ള ഒരു സമഗ്ര സംവിധാനമായിരിക്കും. 2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സഹകരണ വകുപ്പിന്റെ പ്രചരണത്തിനുള്ള ധനസഹായം പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 45.20 ലക്ഷം രൂപയ്ക്ക് വർക്കിംഗ് ഗ്രൂപ്പ് അനുമതിയും സർക്കാരിൽ നിന്നുള്ള ഭരണാനുമതി ഉത്തരവും നൽകിയിട്ടുള്ളതാണ്.

**കൂടാതെ 2026-27 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതി വിഹിതവും ലഭ്യമായ പ്രോപോസലുകളുടെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.**

- **<u>വിശ്വാസ്</u>**

സഹകരണ മേഖലയിൽ നിലനിൽക്കുന്ന നിക്ഷേപം തിരികെ നൽകാനാകാത്ത അവസ്ഥയ്ക്ക് പരിഹാരമായും നിക്ഷേപകരുടെ വിശ്വാസം സംരക്ഷിക്കുന്നതിനുമായി "വിശ്വാസ്" എന്ന പേരിൽ ഒരു നിക്ഷേപ സുരക്ഷാപദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്.

i) വിവിധ കാരണങ്ങളാൽ നിക്ഷേപം തിരികെ നല്കാനാകാതെ പ്രതിസന്ധിയിലായ സഹകരണ സംഘങ്ങളെ കണ്ടെത്തി, അവരുടെ പ്രതിസന്ധിക്കുള്ള കാരണം തിരിച്ചറിഞ്ഞു അതിനനുസരണമായി ഓരോ സംഘങ്ങൾക്കും പ്രത്യേക രക്ഷാപാക്കേജ് തയ്യാറാക്കി നിക്ഷേപകർക്ക് അവരുടെ നിക്ഷേപ തുക തിരികെ ലഭിക്കുന്ന സാഹചര്യം സൃഷ്ടിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

ii) അതോടൊപ്പം ഇത്തരത്തിൽ പ്രതിസന്ധിയിലായതിൽ പ്രവർത്തിച്ചു കരകയറാനാകുന്ന സംഘങ്ങൾക്ക് സഹകരണ നിയമ പ്രകാരമുള്ള പുനരുദ്ധാരണ നിധിയിൽ നിന്നും ധനസഹായം ലഭ്യമാക്കി അവരെ പ്രവർത്തന പന്ഥാവിലെത്തിക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്.

iii) സഹകരണ നിയമം വകുപ്പ് 57B പ്രകാരമുള്ള നിക്ഷേപ ഗ്യാരന്റി ഫണ്ട് സ്കീമിൽ ആവശ്യമായ ഭേദഗതി വരുത്തിക്കൊണ്ട് പ്രതിസന്ധിയിലാകുന്ന സംഘങ്ങളിലെ നിക്ഷേപകർക്കും വ്യവസ്ഥകൾക്ക് വിധേയമായി നിക്ഷേപ തുക നല്കാൻ കഴിയുന്ന വിധത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

iv) ഇത്തരത്തിൽ നിക്ഷേപ ഗ്യാരന്റി ഫണ്ടിൽ നിന്നും നിക്ഷേപകർക്ക് തുക നൽകുന്നതിനായി വലിയ ബാധ്യത വരും എന്നത് കൂടി കണക്കിലെടുത്ത് സംസ്ഥാനത്തു നിക്ഷേപം സ്വീകരിക്കുന്ന മുഴുവൻ സംഘങ്ങളെയും നിക്ഷേപ ഗ്യാരൻറി സ്കീമിൽ അംഗമാകാൻ വേണ്ടിയുള്ള തീവ്രയജ്ഞ പരിപാടിയും ഈ പദ്ധതിയുടെ ഭാഗമാണ്.

ഇതിന്റെ ഭാഗമായി നിക്ഷേപം തിരികെ നല്കാനാകാതെ പ്രതിസന്ധിയിലായ 450 സഹകരണ സംഘങ്ങളെ കണ്ടെത്തിയിട്ടുണ്ട്. സാമ്പത്തിക ക്രമക്കേടുകൾമൂലം നിക്ഷേപം തിരികെ നല്കാൻ സാധിക്കാത്ത സഹകരണ സംഘങ്ങളിലെ നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുന്നതിനുമായി BUDS ACT പ്രകാരമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

- **<u>സർചാർജ് മോണിറ്ററിംഗ് സെൽ</u>**

സഹകരണ മേഖലയെ അഴിമതി, ക്രമക്കേട്, പണാപഹരണം എന്നിവയിൽ നിന്ന് മുക്തമാക്കി സംരക്ഷിക്കുന്നതിനായി കേരളം സഹകരണ സംഘം നിയമം വകുപ്പ് 65, 66, 68 പ്രകാരമുള്ള അന്വേഷണങ്ങളും പരിശോധനകളും ഊർജ്ജിതപ്പെടുത്തും. ഈ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കി ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ട തുക ഈടാക്കി എടുക്കുന്നതിനുള്ള സർചാർജ് നടപടികൾ പൂർത്തിയാക്കുന്നതിനായും ഇതുമായി ബന്ധപ്പെട്ട കേസ് നടപടികൾ തീർപ്പാക്കുന്നതിനുമായി സഹകരണ സംഘം രജിസ്ട്രാറുടെ ഓഫീസിൽ സർചാർജ് മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്.

- **കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീം , 2025 പരിഷ്കരണം**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതോ അടിയന്തര സാഹചര്യങ്ങൾ മൂലം പ്രവർത്തന മാന്ദ്യം നേരിടുന്നതോ ആയ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും അവയുടെ പ്രവർത്തന ക്ഷമത വീണ്ടെടുക്കുന്നതിനുമായി സാമ്പത്തിക സഹായം നൽകുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പിലാക്കിയ പദ്ധതിയാണ് കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീം, 2025. പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം കൂടുതൽ സഹകരണസംഘങ്ങൾക്ക് കൂടി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി, ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

- **നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന് ധനസഹായം**

സഹകരണ മേഖലയിലുള്ള പൊതുജന വിശ്വാസം ശക്തിപ്പെടുത്തുന്നതിനും, അംഗങ്ങളുടെയും നിക്ഷേപകരുടെയും സമ്പാദ്യങ്ങൾ സംരക്ഷിക്കുന്നതിനുമുള്ള സർക്കാർ നയത്തിന്റെ ഭാഗമായി നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന് കൂടുതൽ ശക്തിപ്പെടുത്തേണ്ടത് അനിവാര്യമായതിനാൽ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന്റെ കോർപ്പസ് ഫണ്ടിലേക്കുള്ള സർക്കാർ വിഹിതമായി 2026-2027 ലെ ബഡ്ജറ്റിൽ 1000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സഹകരണ സംഘങ്ങളിലെ നിക്ഷേപകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും, അർഹമായ നിക്ഷേപങ്ങളുടെ തിരിച്ചടവ് ഉറപ്പാക്കുന്നതിനുമാണ് സഹകരണ വകുപ്പ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

- **റിസ്ക് ഫണ്ട് പദ്ധതി പരിഷ്കരണം**

റിസ്ക് ഫണ്ട് നിയമാവലി നിബന്ധന 4(ബി) യിലെ "വായ്പാകാലാവധിയിൽ വായ്പാക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിയിൽ തവണ അടയ്ക്കേണ്ട തീയതി മുതൽ 6 മാസത്തിൽ അധികരിച്ചും, വായ്പാ കാലാവധി കഴിഞ്ഞ് വായ്പാക്കാരൻ മരണപ്പെട്ടാൽ വായ്പാ കാലാവധി തീരുന്ന തീയതിയ്ക്ക് തൊട്ടുമുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ മുതലിൽ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയാൽ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല" എന്നുള്ള വ്യവസ്ഥയിൽ മാരക രോഗം ബാധിച്ച് മരണപ്പെട്ടവർക്ക് വായ്പ കുടിശ്ശിക പരിഗണിക്കാതെയും മറ്റുവിധത്തിൽ മരണപ്പെടുന്നവർക്ക് ഒരു വർഷം വരെ വായ്പ കുടിശ്ശിക വന്നാലും റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കത്തക്ക വിധത്തിൽ റിസ്ക് ഫണ്ട് നിയമാവലി ഭേദഗതി ചെയ്യുന്നതിനുള്ള പ്രൊപോസൽ തയ്യാറായിട്ടുണ്ട്. ധനസഹായത്തിനായി ലഭിച്ച 2760 അപേക്ഷകളിൽ 29.22 കോടി രൂപയുടെ ധനസഹായ വിതരണത്തിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

# 2026-2027 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതി വിഹിതവും ലഭ്യമായ പ്രൊപ്പോസലുകളുടെ വിവരവും ചുവടെ ചേർക്കുന്നു

| നം | പദ്ധതികൾ | 2026-27 ആകെ വിഹിതം (ലക്ഷത്തിൽ) | നാളിതുവരെ വരെ ലഭ്യമായ പ്രൊപ്പോസലുകൾ | | റിമാർക്സ് |
|---|---|---|---|---|---|
| | | | എണ്ണം | തുക(ലക്ഷത്തിൽ) | |
| 1 | കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ ഇവയ്ക്കുള്ള ധനസഹായം | 1560.00 | 13 | 1012.00 | 1000.00 ലക്ഷം രൂപയ്ക്കുള്ള (റിസ്ക്ഫണ്ട് സ്കീം) ഭരണാനുമതി ലഭ്യമായിട്ടുണ്ട്. 3.00 ലക്ഷം രൂപയ്ക്ക് അലോട്ട്മെന്റ് ലഭ്യമായിട്ടുണ്ട്. |
| 2 | സംസ്കരണ സഹകരണസംഘങ്ങൾക്ക് പ്രോൽസാഹനം (എൻ.സി. ഡി.സി പദ്ധതി-സംസ്ഥാന വിഹിതം) | 60.00 | - | - | |
| 3 | പ്രാഥമിക ഭവനനിർമ്മാണ സഹകരണ സംഘങ്ങൾക്കുള്ള ഓഹരി മൂലധനസഹായം | 50.00 | 49 | 50.00 | 50.00 ലക്ഷം രൂപ അനുവദിക്കുകയും അലോട്ട്മെന്റിനായി നൽകിയിട്ടുണ്ട്. |
| 4 | ഉപഭോക്തൃ സഹകരണസംഘങ്ങൾക്കും നീതിസ്റ്റോറുകൾക്കുമുള്ള ധനസഹായം | 30.00 | 26 | 45.40 | 25.00 ലക്ഷം രൂപ അനുവദിക്കുകയും അലോട്ട്മെന്റിനായി നൽകിയിട്ടുണ്ട്. കഴിഞ്ഞ വർഷം റിലീസ് അനുമതി ലഭിച്ചിട്ടും മാറി നൽകാതിരുന്ന 20.40 ലക്ഷം രൂപ ഭരണാനുമതിയ്ക്ക് വേണ്ടി ഈ വർഷം സർക്കാരിൽ സമർപ്പിച്ചത്. |
| 5 | സംസ്ഥാന സഹകരണ യൂണിയൻ,സർക്കിൾ സഹകരണ യൂണിയൻ, സംസ്ഥാന സഹകരണ മാനേജ്മെന്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുള്ള സഹായം | 150.00 | 4 | 294.22 | |
| 6 | സഹകരണ പ്രചരണത്തിനുള്ള സഹായം. | 200.00 | 13 | 130.98 | 13.19 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. 2.21 ലക്ഷം രൂപ എക്സ്പെൻഡിച്ചർ ആയിട്ടുണ്ട്. 0.42 ലക്ഷം രൂപയ്ക്ക് അലോട്ട്മെന്റ് ലഭ്യമായിട്ടുണ്ട്. |
| 7 | സഹകരണ വകുപ്പിൽ പരിശീലനത്തിന് സഹായം | 40.00 | 3 | 31.86 | 4.29 ലക്ഷം രൂപയ്ക്ക് അലോട്ട്മെന്റ് ലഭ്യമായിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| 8 | പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുള്ള സഹകരണ അക്കാഡമിയ്ക്ക് നൽകുന്ന സഹാ<br>യം (CAPE). | 400.00 | 1 | 400.00 | |
| 9 | സഹകരണ വകുപ്പിന്റെ ആധുനിക വൽക്കരണം | 300.00 | 4 | 1419.21 | |
| 10 | കേരള സഹകരണ ബാങ്കിനുള്ള സഹായം. | 100.00 | 1 | 100.00 | 100.00 ലക്ഷം രൂപയുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. |
| 11 | സഹകരണ പരീക്ഷാ ബോർഡിനുള്ള സഹായം | 10.00 | 1 | 11.30 | |
| 12 | സഹകരണ ഓഡിറ്റ് ഡയറക്ടറേറ്റിന്റെയും ജില്ലാ ഓഫീസുകളുടെയും നവീകരണം അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലും | 100.00 | 1 | 100.00 | 100.00 ലക്ഷം രൂപയുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. |
| 13 | മറ്റു സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം | 1450.00 | 68 | 1248.17 | |
| 14 | പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനം | 444.00 | 45 | 1137.22 | 47.41 ലക്ഷം രൂപയുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. |
| 15 | വനിത സഹകരണസംഘങ്ങൾക്കും വനിതഫെഡിനും ഉള്ള സഹായം | 320.00 | 31 | 239.4 | |
| 16 | സഹകരണ അംഗ സമാശ്വാസ നിധിയിലേ യ്ക്കുള്ള ധനസഹായം | 250.00 | 1 | 250.00 | 250.00 ലക്ഷം രൂപയുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. |
| 17 | കാർഷിക സഹകരണ സ്റ്റാഫ് പരിശീലന സഹകരണ സ്ഥാപനത്തിനുള്ള സഹായം (ACSTI). | 100.00 | 1 | 100.00 | |
| 18 | സാങ്കേതിക വിദ്യാധിഷ്ഠിതമായ കൃഷിക്കായുള്ള സഹകരണ സംരംഭം | 1000.00 | | | സ്കീം സർക്കാർ പരിഗണനയിലാണ്. |
| 19 | സഹകരണ ഉൽപ്പന്നങ്ങളുടെ ഉൽപാദനം വിപണനം കയറ്റുമതി എന്നിവ പ്രോത്സാഹിപ്പി<br>ക്കുന്നതിനുള്ള സഹായം | 340.00 | - | - | |
| 20 | കേരള കോ-ഓപ്പ റേറ്റീവ് റിവൈവൽ ഫണ്ട് സ്കീമിലേക്കുള്ള ധനസഹായം | 500.00 | 1 | 500.00 | 500.00 ലക്ഷം രൂപയുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. |
| 21 | സഹകരണ സ്ഥാപനങ്ങളുടെ വിപുലീകരണത്തിനും വൈവിധ്യവ<br>ൽക്കരണത്തിനുമുള്ള സഹായം | 400.00 | 6 | 245.76 | |
| 22 | ആർ.ഐ.ഡി.എഫ് പദ്ധതിയ്ക്കുള്ള ധനസഹായം | 1000.00 | 1 | 852.00 | കഴിഞ്ഞ വർഷം റിലീസ് അനുമതി ലഭിച്ചിട്ടും മാറി നൽകാതിരുന്ന 852 ലക്ഷം രൂപ ഭരണാനുമതിയ്ക്ക് വേണ്ടി ഈ വർഷം സർക്കാരിൽ സമർപ്പിച്ചത്. |

| | | | | | |
|---|---|---|---|---|---|
| 23 | 100 % ഊർജ്ജ സ്വയം പര്യാപ്ത ഗ്രാമങ്ങൾ (പുതിയ പദ്ധതി) | **270.00** | **39** | ഏകദേശം **342.00** ലക്ഷം | |
| 24 | നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന് ധനസഹായം (പുതിയ പദ്ധതി) | **1000.00** | **1** | **1000.00** | **1000.00** ലക്ഷം രൂപയുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. |
| 25 | സഹകരണ മേഖലയിൽ പി.സി.പി മാതൃകാ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള ധനസഹായം (പുതിയ പദ്ധതി) | **100.00** | - | - | |
| 26 | മാർക്കറ്റ്ഫെഡ്, അഫിലിയേറ്റഡ് സഹകരണ സംഘങ്ങൾ, എഫ്.പി.ഒ ശൃഖല ശക്തിപ്പെടുത്തൽ | **1250.00** | **7** | **1250** | |
| 27 | ദേശീയ സഹകരണ വികസനകോർപ്പറേഷന്റെ (എൻ സി ഡി സി ) സഹായത്തോടെ നടപ്പാക്കുന്ന ( ഐ.സി.ഡി.പി) പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം | **20.00** | - | - | |

സെക്രട്ടറി